# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3457

## 15-03-2018 ൽ മറുപടിക്ക്

## ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി സ്കീം

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി സ്കീമിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ് ഘടനയെ ഉത്തേജിപ്പിച്ച് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പ് വരുത്തുന്നതിനായാണ് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതി എന്ന സ്കീം പ്രഖ്യാപിച്ചിട്ടുള്ളത്. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി പ്രഖ്യാപിച്ച ഈ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ 19938 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ 356,56,22,946 കോടി രൂപ പദ്ധതി നിർവഹണത്തിനായി നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ അവയുടെ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ വൻ പുരോഗതി കൈവരിക്കാൻ സഹായിക്കും. |
| (ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ സാമ്പത്തിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ; | |
| (സി) പ്രസ്തുത 12000 കോടി രൂപയുടെ പാക്കേജിൽ എത്ര ലക്ഷ്യം നേടാൻ കഴിഞ്ഞെന്നും മേഖല തിരിച്ച് വിശദമാക്കാമോ? | 2016-17 ബജറ്റിൽ പ്രഖ്യാപിച്ച 12000 കോടി രൂപയുടെ പദ്ധതികളിൽ 6491.07 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ ഇതുവരെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 3898.59 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് ഇതിനകം തന്നെ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതികളുൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി ഏകദേശം 356,56,22,946 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Department wise breakdown of Approved Projects | | |
|---|---|---|
| **Sl No.** | **Department** | **Approved Cost (Rs in Crores)** |
| 1 | Agriculture | 14.28 |
| 2 | Forest | 100 |
| 3 | IT | 351.13 |
| 4 | PWD | 1208.41 |
| 5 | SC/ST | 138.38 |
| 6 | Sports | 267.61 |
| 7 | Tourism | 39.42 |
| 8 | Transport | 88.93 |
| 9 | WRD | 1690.43 |
| | **Total** | **3898.59** |

സെക്ഷൻ ഓഫീസർ